## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7197** **16/07/2012 ൽ മറുപടിയ്ക്ക്**

### വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അച്ചുതൻ<br>,, സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ്<br>,, എം.എ. വാഹീദ് | **ശ്രീ. അടൂർ പ്രകാശ്**<br>**(റവന്യൂ വകുപ്പ്മന്ത്രി)** |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി വില്ലേജ് റിക്കാർഡുകൾ കമ്പ്യൂട്ടറൈസ്ഡ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര സർക്കാരിന്റെ NeGP യുടെ കീഴിൽ ഇ -ഡിസ്ട്രിക്ട് എന്ന പദ്ധതിയും നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ കീഴിൽ(NLRMP) റെലിസ് എന്ന പദ്ധതി പ്രകാരവുമാണ് ഡിപ്പാർട്ട്മെന്റ് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നത് പ്രസ്തുത പദ്ധതികൾ പ്രകാരം, വില്ലേജ് ഓഫീസുകളിൽ, കമ്പ്യൂട്ടറുകൾ,ഇന്റർനെറ്റ് കണക്ഷൻ, ഫോൺ മുതലായവ നൽകുകയും ഇവയുടെ സഹായത്തോടെ ഓൺലൈൻ ആയി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും , പോക്കുവരവ് ഉൾപ്പെടെ സേവനം വേഗത്തിലും, കൃത്യമായും നടപ്പിലാക്കുന്നതിനുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |

(ബി) ആധുനികവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ബി) ആധുനിക വൽക്കരണത്തിന്റെ ഭാഗമായി ജനങ്ങൾക്ക്''എപ്പോഴും'' ''എവിടെ നിന്നും'' വില്ലേജിൽ നിന്നും ലഭിക്കേണ്ടതായ സേവനങ്ങളായ- സർട്ടിഫിക്കറ്റുകൾ ,ഭൂരേഖ, പോക്കുവരവ് തുടങ്ങിയ സേവനങ്ങൾ വില്ലേജ് ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാകും. കൂടാതെ ഓൺലൈൻ പേമെന്റ് ഗേറ്റ്‌വേ എന്ന പദ്ധതി നടപ്പിലാക്കുന്നതോടുകൂടി എല്ലാവിധ അടവുകളും ഓൺലൈനായി സാധ്യമാക്കുന്നതാണ്.

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

(സി) ഇതിനുള്ള പ്രാരംഭ നടപടികളിലായി പൈലറ്റ് അടിസ്ഥാനത്തിൽ പ്രസ്തുത ഇ ഡിസ്ട്രിക്ട് പദ്ധതി കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലും റെലിസ് പാലക്കാട് ജില്ലയിലും നടത്തി വരുന്നു. കൂടാതെ ഈ പദ്ധതികൾ ഘട്ടം ഘട്ടമായി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

Thomas

സെക്ഷൻ ഓഫീസർ